# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 912** **05.02.2020 ലെ മറുപടി**

## ആമയിഴഞ്ചാൻതോട് നവീകരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) തിരുവനന്തപുരം നഗരത്തിലെ ബേക്കറി ജംഗ്ഷൻ, തമ്പാനൂർ, പഴവങ്ങാടി ഭാഗങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിൽ മാലിന്യം നിറഞ്ഞ് ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ടിരിക്കുന്നതിനാൽ തോട് നവീകരിക്കുന്നതിന് 15 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും യാതൊരുവിധ തുടർ നടപടിയും ഉണ്ടാകാത്തതിലെ കാരണങ്ങൾ വിശദമാക്കുമോ; എത്രയും വേഗം തോട് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) തിരുവനന്തപുരം ജില്ലയിൽ പഴവങ്ങാടി തോടിലും തെക്കനക്കര കനാലിലും പ്രളയത്തിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എസ്.ഡി.ആർ.എഫ്-ൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ വീതമുള്ള 5 പ്രവൃത്തികളുടെ (ആകെ 15 ലക്ഷം രൂപ) ടെണ്ടർ നടത്തിയിരുന്നു. എന്നാൽ തോടിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാൻ സ്ഥലം ലഭ്യമല്ലാത്തതു കാരണം കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ടു വന്നിട്ടില്ല. |
| (ബി) ആമയിഴഞ്ചാൻ തോടിന്റെ പുനരുദ്ധാരണത്തിനായി 25 കോടിരൂപ ബജറ്റിൽ വകയിരുത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ;<br>(സി) ഇതിലേയ്ക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം ഉണ്ടാകുന്നതിലെ കാരണങ്ങൾ വ്യക്തമാക്കുമോ;<br>(ഡി) ആമയിഴഞ്ചാൻതോട് നവീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി)<br>(സി)<br>(ഡി) ആമയിഴഞ്ചാൻ തോടിന്റെ (കണ്ണമ്മൂല മുതൽ ആക്കുളം വരെ) പുനരുദ്ധാരണത്തിനായി 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയിരുന്നു. എന്നാൽ ഭരണാനുമതിക്കായുള്ള പ്രൊപ്പോസലിൽനിന്നും വ്യത്യസ്തമായി കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികളും Multi Functional Amphibious Machine വാങ്ങുന്നതിനുള്ള തുകയും ഉൾപ്പെടുത്തേണ്ടിയിരുന്നതിനാൽ പ്രവൃത്തിയുടെ വിശദമായ പദ്ധതി രേഖ ബാർട്ടൺഹിൽ എഞ്ചിനീയറിംഗ് |

കോളേജിലെ ട്രാൻസിലേഷണൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ തയ്യാറാക്കുകയും ആയത് വർക്കിംഗ് ഗ്രൂപ്പിൽവെച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

Prijith.S

**സെക്ഷൻ ഓഫീസർ**